## പതിനൊന്നാം കേരള നിയമസഭ
### ആറാം സമ്മേളനം
### 2003 ആഗസ്റ്റ് 1-ാം തീയതി വെള്ളിയാഴ്ച

വാങ്മൂലം മറുപടി നൽകേണ്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -24)

789)കായിക മേളകൾ
790)വിള ഇൻഷ്വറൻസ്
791)കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണ പ്രവർത്തനങ്ങൾ
792)എം.പി.ഐ. ലാഭകരമാക്കാൻ നടപടി
793)കയർ വ്യവസായത്തിന് ആവശ്യമായ ചകിരി
794)താന്ത്രിക വിദ്യകളും പൂജാവിധികളും പഠിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങൾ
795)കായികനേട്ടങ്ങളുണ്ടാക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകാൻ നടപടി
796)ശ്രീലങ്കയിൽ നിന്നുള്ള കുരുമുളക് ഇറക്കുമതിക്ക് ചുങ്കം ഏർപ്പെടുത്താൻ നടപടി
797)കാലാവസ്ഥയ്ക്ക് യോജിച്ച മരങ്ങളും ചെടികളും നട്ടുവളർത്താൻ നടപടി
798)ട്രഷറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും നടപടി
799)കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ
800)വനങ്ങളിൽ ശാസ്ത്രീയ പഠനം നടത്താൻ അനുമതി ലഭിച്ചിട്ടുള്ളവർ
801)വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പക്ഷികളെയും മൃഗങ്ങളെയും സംരക്ഷിക്കുന്നതിന് നടപടി
802)ഗുണനിലവാരമുള്ള നടീൽവസ്തുക്കൾ ന്യായവിലക്ക് കർഷകർക്ക് ലഭ്യമാക്കാൻ നടപടി
803)ശ്രീലങ്കയിൽ നിന്ന് ഇറക്കുമതിചെയ്യുന്ന കുരുമുളകിന്റെ ഡ്യൂട്ടി ഒഴിവാക്കിയ നടപടി
804)കാർഷിക ഉൽപ്പന്നങ്ങളുടെ പേറ്റന്റ് നേടി എടുക്കുന്നതിന് സ്വീകരിച്ച നടപടികൾ
805) നീർത്തട പദ്ധതികൾ
806) റേഷൻ ഉപഭോഗം സംബന്ധിച്ച പഠനം
807) കർഷകർക്ക് ക്ഷേമനിധിയോ പെൻഷനോ നൽകുന്നതിനുള്ള പദ്ധതി
808) കേന്ദ്ര ഗവണ്മെന്റ് സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിക്കുന്ന ചെലവുകളുടെ കണക്ക്
809) ശ്രീലങ്കയിൽ നിന്നുള്ള കാർഷികോൽപ്പന്ന ഇറക്കുമതി
810) കാർഷിക കയറ്റുമതി മേഖലയിൽ ഉൾപ്പെടുത്തി കൃഷി ഫാമുകൾ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകുന്ന നടപടി
811) വില്പന നികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി
812) വിദ്യാർത്ഥികളുടെ സഹായത്തോടെ വനവല്ക്കരണ പരിപാടി

### കായിക മേളകൾ

*789. ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. ടി.പി.എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾതല കായിക മേഖലകൾക്ക് പുറമേ സംസ്ഥാന ജില്ലാ തലങ്ങളിൽ സ്പോർട്സ് വകുപ്പ് വിദ്യാർത്ഥികൾക്കായി കായികമേളകൾ നടത്താറുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം കണ്ടെത്തുന്ന കായിക പ്രതിഭകൾക്ക് സ്പോർട്സ് വകുപ്പ് എന്തൊക്കെ പ്രോത്സാഹന പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളത്;

(സി) സ്കൂൾ-കോളേജ് തലത്തിലെ പ്രതിഭകളെ പ്രോൽസാഹിപ്പിക്കാൻ പുതിയ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി):**

(എ) ഉണ്ട്.

(ബി) ജില്ലകളിൽ സബ്ജൂനിയർ, ജൂനിയർ വിഭാഗങ്ങളിലും സംസ്ഥാനതലത്തിൽ സബ്ജൂനിയർ, ജൂനിയർ, യൂത്ത് വിഭാഗങ്ങളിലും മൽസരങ്ങൾ സംഘടിപ്പിക്കുകയും, വിവിധ സിലബസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി മിനിഗെയിംസ് എന്നിവ നടത്തിവരുന്നു. ഈ മൽസരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ ലഭിക്കുന്ന കളിക്കാർക്ക് ക്യാഷ് അവാർഡ് നൽകുകയും മികവ് തെളിയിക്കുന്ന കായിക പ്രതിഭകൾക്ക് കേരള സ്പോർട്സ് കൗൺസിൽ നടത്തുന്ന സ്പോർട്സ് ഹോസ്റ്റലുകളിൽ പ്രവേശനത്തിന് മുൻഗണന നൽകുകയും ചെയ്യുന്നു.

.(സി) സ്കൂൾ, കോളേജ് തലത്തിലെ പ്രതിഭകളെ പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സ്പോർട്സ് കൗൺസിലും, വിദ്യാഭ്യാസ വകുപ്പും ചില പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

## വിള ഇൻഷ്വറൻസ്

*790. ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീ. എ.കെ. മണി :
ശ്രീ. ടി.യു. രാധാകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിള ഇൻഷ്വറൻസ് ഏതെല്ലാം വിളകൾക്കാണ് ഏർപ്പെടുത്തിയിരുന്നത് ;

(ബി) ഇപ്രകാരം ഇൻഷ്വറൻസിന് പ്രീമിയം അടച്ചുകൊണ്ടിരുന്നത് ആരാണ് ;

(സി) പ്രസ്തുത പദ്ധതി ഇപ്പോൾ നിലവിലുണ്ടോ ;

(ഡി) ഇത് നടപ്പിലാക്കിയിട്ടുള്ളപക്ഷം അതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത പദ്ധതി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) സംസ്ഥാന വിള ഇൻഷ്വുറൻസ് പദ്ധതിയിൽ നെല്ല്, തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാംപൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരമ്പ്, പുകയില എന്നീ 25 വിളകളെ ഉൾപ്പെടുത്തിയിരിക്കുന്നു.

ദേശീയ കൃഷി ഇൻഷ്വറൻസ് പദ്ധതിയിൽപ്പെടുത്തിയിട്ടുള്ള വിളകൾ നെല്ല്, മരച്ചീനി, വാഴ, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ എന്നിവയാണ്.

(ബി) സ്വന്തമായോ പാട്ടത്തിനോ കൃഷിയിറക്കുന്ന കൃഷിക്കാരാണ് പ്രീമിയം അടച്ച് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നത്.

(സി) നിലവിലുണ്ട് .

(ഡി)&(ഇ) ചോദ്യം ഉദിക്കുന്നില്ല .

## കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണ പ്രവർത്തനങ്ങൾ

*791. ശ്രീ. കെ.കെ. ജയചന്ദ്രൻ :
ശ്രീ. പി. ജയരാജൻ :
ശ്രീ. സാജുപോൾ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്തെല്ലാം ഗവേഷണ പ്രവർത്തനങ്ങളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ചുമതലകൾ എന്തൊക്കെയാണ് ;

(സി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ഗവേഷണ പദ്ധതികൾ ഏതെല്ലാം ഏജൻസികളാണ് സ്പോൺസർ ചെയ്തിട്ടുള്ളത്; ഇതിൽ വിദേശ ഏജൻസികൾ ഉണ്ടോ ; എങ്കിൽ അവ ഏതെല്ലാം ;

(ഡി) കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണത്തിനായി വിദേശ ഏജൻസിയിൽ നിന്നും എന്തു തുകയുടെ ധനസഹായം 2001-2002, 2002-2003 വർഷങ്ങളിൽ ലഭിച്ചിട്ടുണ്ടെന്ന് പറയാമോ ;

(ഇ) ഇതിൽ ഫോർഡ് ഫൗണ്ടേഷൻ യു.എസ്.എ., ഐ.സി.ആർ.സി. കാനഡ എന്നീ സ്ഥാപനങ്ങളിൽ നിന്നും എന്ത് ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(എഫ്) വിദേശ ഏജൻസികളുടെ ധനസഹായത്തോടെ നടത്തുന്ന ഗവേഷണം സംസ്ഥാനത്തെ വനമേഖലയിലെ ജൈവസമ്പത്ത് കൊള്ളയടിച്ച് കൊണ്ടുപോകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ സംസ്ഥാനത്ത് വ്യാപകമാകുന്ന ജൈവകൊള്ള നിയന്ത്രിക്കുന്നതിനും തടയുന്നതിനും 'സൈറ്റ്സ് ' (സി.ഐ.ടി.ഇ.എസ്.) പോലുള്ള നിയമം പാലിക്കപ്പെടുന്നതിനും ഏതെല്ലാം മോണിട്ടറിംഗ് സംവിധാനങ്ങളാണ് വനം വകുപ്പിൽ നിലവിലുള്ളതെന്ന് വിശദമാക്കാമോ ?

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി) :**

(എ) കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഒരു ഗവേഷണ സ്ഥാപനമാണ്. ഈ സ്ഥാപനം ഏറ്റെടുത്തിട്ടുള്ള ഗവേഷണ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിശദവിവരം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.

(ബി) കേരള വനംവകുപ്പിന്റെ ആവശ്യമനുസരിച്ച്, വനമേഖലയിലെ പ്രധാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഗവേഷണവും പഠനങ്ങളുമാണ് കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രധാന ചുമതല. വനശാസ്ത്ര മേഖലകളിൽ അടിസ്ഥാനവിഷയങ്ങളിലും പ്രത്യേക പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായുള്ള ഗവേഷണ വികസന പ്രോജക്ടുകൾ വിവിധ ഏജൻസികളുടെ ധനസഹായത്തോടെ ഏറ്റെടുത്ത് അവയുടെ റിപ്പോർട്ടുകൾ സമർപ്പിക്കുക, ഗവേഷണ പഠനങ്ങളിലൂടെ ലഭിക്കുന്ന ശാസ്ത്രീയമായ അറിവുകളുടെ/വിജ്ഞാനങ്ങളുടെ വ്യാപനം എന്നിവയാണ് കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റു പ്രധാന ചുമതലകൾ. കൂടാതെ ട്രോപ്പിക്കൽ ഫോറസ്ട്രിയൽ വനംവകുപ്പ് ഉദ്യോഗസ്ഥന്മാർക്കും മറ്റ് പഠിതാക്കൾക്കും പരിശീലനം നൽകിവരികയും ചെയ്യുന്നു.

(സി) കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണ പദ്ധതികൾക്ക് ധനസഹായം നൽകിവരുന്ന സ്വദേശീയവും വിദേശീയവുമായ ഏജൻസികളെ സംബന്ധിച്ച് ഉള്ള പട്ടിക അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.

(ഡി) കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേഷണങ്ങൾക്കായി വിദേശ ഏജൻസികളിൽ നിന്നും 2001-2002-ൽ 54,47,261 രൂപയും 2002-2003-ൽ 17,47,029 രൂപയും ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് വിശദവിവരങ്ങൾ അനുബന്ധം 3 ആയി ചേർത്തിരിക്കുന്നു.

(ഇ) ഫോർഡ് ഫൗണ്ടേഷനിൽ 2001-2002-ൽ 16071.49 യു.എസ്.ഡോളർ (7,57,018 രൂപ) ലഭിച്ചിട്ടുണ്ട്. എന്നാൽ ഐ.സി.ആർ.സി.യിൽ നിന്ന് 2001-02, 2002-03 വർഷങ്ങളിൽ ധനസഹായമൊന്നും ലഭിച്ചിട്ടില്ല. 1990-ൽ മാത്രമാണ് ഈ ഏജൻസികളിൽനിന്നും ധനസഹായം ലഭ്യമായിട്ടുള്ളത്.

(എഫ്) വിദേശ ഏജൻസികളുടെ ധനസഹായത്തോടെ കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ഗവേഷണങ്ങളിലൂടെ ജൈവസമ്പത്തുകളൊന്നും വിദേശത്തേക്ക് കൊണ്ടുപോകുന്ന അവസ്ഥയില്ല.

(ജി) 'സൈറ്റ്സ്' (സി.ഐ.ടി.ഇ.എസ്.) നിയമം നടപ്പിലാക്കുന്നതിന് വനംവകുപ്പിന് നേരിട്ട് ബന്ധമില്ല. എന്നാൽ ജൈവവൈവിദ്ധ്യത്തിന്റെ ചോർച്ച തടയുന്നതിന് വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിലും കേരള ഫോറസ്റ്റ് ആക്ടിലും നിലവിലുള്ള വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ട്.

## എം.പി.ഐ. ലാഭകരമാക്കാൻ നടപടി

*792. ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. എ.എൻ. രാജൻബാബു :
ശ്രീ. കെ.കെ. ഷാജു :
ശ്രീ. ജോണി നെല്ലൂർ :
ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യാ (എം.പി. ഐ.) എന്ന പൊതുമേഖലാ സ്ഥാപനം ലാഭത്തിലാക്കാൻ ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ;

(ബി) ഗ്രാമീണ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ ലഭ്യമാക്കാൻ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ വഴി ഏതൊക്കെ പദ്ധതികളാണ് സർക്കാർ നടപ്പിലാക്കുന്നത് ;

(സി) വിദേശത്ത് എം.പി.ഐ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്താൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത് ;

(ഡി) കാലപ്പഴക്കം ചെന്ന ഉപകരണങ്ങളും യന്ത്രസംവിധാനങ്ങളും മാറ്റി സ്ഥാപിച്ച് എം.പി.ഐ.യുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ സർക്കാരിന് എന്തെങ്കിലും നടപടിയുണ്ടോ ?

**ഉത്തരം**

**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) മീറ്റ് പ്രോഡക്ട്സ് ഓഫ് ഇൻഡ്യ ലാഭകരമാക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. മാനേജ്മെന്റ് സംവിധാനം മെച്ചപ്പെടുത്താൻ സാങ്കേതിക വിദഗ്ദ്ധരെ (മാനേജിംഗ് ഡയറക്ടർ, അസി. മാനേജർ) ഡപ്യൂട്ടേഷനിൽ നിയമിച്ചു.
2. കമ്പ്യൂട്ടറൈസേഷൻ നടപ്പാക്കി മാർക്കറ്റിംഗ് പ്രൊഡക്ഷൻ, അക്കൗണ്ടിംഗ് എന്നിവ കാര്യക്ഷമമാക്കി.
3. 2002-03-ൽ മാംസോൽപ്പാദനം മുൻവർഷത്തേക്കാൾ 42% വർദ്ധിച്ചിട്ടുണ്ട്.
4. സംസ്ഥാനന്തര ടെൻഡർ വിളിച്ച് കുറഞ്ഞവിലയ്ക്ക് മാംസം വാങ്ങാൻ നടപടിയെടുത്തു.
5. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കിഡ്സ്, സ്പെഷ്യൽ ചിക്കൻ, നഗട്ട്സ്, മൾട്ടിലേയേർഡ് സ്റ്റാന്റിംഗ് പൗച്ചുകളിലുള്ള ബീഫ് അച്ചാർ, പോർക്ക് അച്ചാർ എന്നിവ വിപണിയിലിറക്കി.
6. അന്താരാഷ്ട്ര നിലവാരമുള്ള വാകും പാക്കിംഗ് സംവിധാനം നടപ്പിലാക്കി.
7. ആകർഷകമായ കവറുകളിൽ സോസേജുകൾ പുറത്തിറക്കി.
8. വടക്കൻ ജില്ലകളിൽ ഡിസ്ട്രിബ്യൂട്ടർമാരെ നിയമിച്ചു.
9. വെറ്ററിനറി കോളേജുമായി സഹകരിച്ച് മാംസഉൽപ്പന്നങ്ങളുടെ സുരക്ഷിത നിലവാരം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു.

10. കാർഷിക സർവ്വകലാശാലയും കേരളഫീഡ്സുമായി സഹകരിച്ച് കമ്പനിയുടെ കോഴിത്തീറ്റയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു.
11. ഒഴിഞ്ഞുകിടക്കുന്ന (5/11) തസ്തികകൾ നികത്താതെതന്നെ ഉള്ള സ്റ്റാഫിനെ മാക്സിമം വികസിക്കുന്നതു മൂലവും വർക്ക് സ്റ്റഡി നടത്തി തൊഴിൽക്ഷമത വർദ്ധിപ്പിച്ചതു മൂലവും പ്രവർത്തന ചെലവ് കുറച്ചിട്ടുണ്ട്.

(ബി) മേൽത്തരം പന്നിക്കുഞ്ഞുങ്ങളെ 250 രൂപ സബ്സിഡിയോടെ 1000 രൂപ നിരക്കിൽ വിതരണം ചെയ്ത് ഫാർമർ ലിങ്ക്ഡ് ബൈബാക്ക് സ്കീം ഊർജ്ജിതപ്പെടുത്തിയതിന്റെ ഫലമായി കഴിഞ്ഞവർഷം 65 ലക്ഷം രൂപ സംസ്ഥാനത്തെ കർഷകർക്ക് മൃഗങ്ങളുടെ വിലയായി നൽകിയിട്ടുണ്ട്. ഈ വർഷം ഈ പദ്ധതി ഊർജ്ജിതപ്പെടുത്തി വിമൻ ഇൻ അഗ്രിക്കൾച്ചർ പ്രോഗ്രാം പ്രകാരം മലപ്പുറം, കൊടുങ്ങല്ലൂർ എന്നിവിടങ്ങളിൽ ആടുവളർത്തൽ പദ്ധതി നടപ്പിലാക്കാനും മറ്റ് മൂന്ന് മേഖലകളിൽക്കൂടി ( (1) തിരുവനന്തപുരം, കോട്ടയം, കൊല്ലം, പത്തനംതിട്ട (2) പാലക്കാട്, തൃശൂർ (3) എറണാകുളം, ആലപ്പുഴ ) കോഴി, പന്നി എന്നിവയുടെ ബൈ ബക്ക് സ്കീം വിപുലപ്പെടുത്താൻ മൂന്നു ചെറിയ സ്ലാട്ടർ ഹൗസുകൾ സ്ഥാപിക്കാനും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്.

(സി) 1. സംസ്ഥാനത്തെ കുളമ്പുരോഗ വിമുക്ത മേഖലയായി പ്രഖ്യാപിക്കാൻ കഴിഞ്ഞാൽ മാത്രമേ സുഗമമായി വിദേശത്തേക്ക് മാംസോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുവാൻ കഴിയുകയുള്ളു. സംസ്ഥാന സർക്കാർ, നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡുമായി ചേർന്ന് അനിമൽ ഡിസീസ് കൺട്രോൾ പ്രോജക്ട് നടപ്പിലാക്കാൻ തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ എം.പി.ഐ.യും സഹകരിക്കുന്നുണ്ട്.

2. അന്താരാഷ്ട്ര നിലവാരമുള്ള 'എച്ച്.എ.സി.സി.പി. സർട്ടിഫിക്കേഷൻ കമ്പനിയിൽ നടപ്പാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.
3. ഡിസ്ട്രിബ്യൂട്ടർമാർ വഴി ഗൾഫ് രാജ്യങ്ങളിലേക്ക് മാംസോൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യാനുള്ള ട്രയൽറൺ നടന്നു കഴിഞ്ഞു. ഇതിന്റെ ഫലവും കമ്പനി ആധുനികവൽക്കരണവും അടിസ്ഥാനമാക്കി സമീപ ഭാവിയിൽ തന്നെ എക്സ്പോർട്ട് ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) കമ്പനിയുടെ ആധുനികവൽക്കരണത്തിനായി 64 ലക്ഷം (അറുപത്തിനാലു ലക്ഷം) രൂപ സർക്കാർ നൽകിയിട്ടുണ്ട്. സോസേജ് ഫില്ലർ, മീറ്റ് മിൻസർ, ബൗൾ ചോപ്പർ, മറൈൻ മിക്സർ, പ്ളേറ്റ് ഫ്രീസർ, ഹീറ്റിംഗ് ഓവൻ, പ്രഷർ വാഷർ തുടങ്ങിയ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കാനും ഫാക്ടറി ഫ്ളോർ എപ്ക്സി കോട്ടിംഗ് നടത്താനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

## <u>കയർ വ്യവസായത്തിന് ആവശ്യമായ ചകിരി</u>

*793. ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. ടി.കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കയർ വ്യവസായത്തിന് ആവശ്യമായ ചകിരി സംസ്ഥാനത്തു നിന്നു തന്നെ ലഭ്യമാക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന തേങ്ങയുടെ മുഴുവൻ തൊണ്ടും സംഭരിച്ചാൽ സംസ്ഥാനത്തിനാവശ്യമുള്ള ചകിരി ഉൽപ്പാദിപ്പിക്കാൻ കഴിയുമോ ;

(സി) ഇപ്പോൾ തമിഴ്നാട്ടിലെ പച്ച ചകിരിയെ മാത്രം ആശ്രയിച്ചാണ് കേരളത്തിലെ കയർ വ്യവസായം നിലനിൽക്കുന്നതെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) ജൂട്ടിന്റേയും ജൂട്ടുൽപന്നങ്ങളുടേയും വരവ് സംസ്ഥാനത്തെ കയർ വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ ?

**<u>ഉത്തരം</u>**

**ശ്രീമതി കെ.ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി) :**

(എ) ഉണ്ട്. തീവ്ര കയർ വികസന പദ്ധതിപ്രകാരം 58 ഡീഫൈബറിംഗ് മില്ലുകൾ സഹകരണ മേഖലയിൽ സ്ഥാപിക്കുന്നതിന് സാമ്പത്തികസഹായം നൽകിയതിൽ 34 എണ്ണം കമ്മീഷൻ ചെയ്തു. ഇതിൽ പ്രവർത്തനക്ഷമമല്ലാത്തവയെ പ്രവർത്തനക്ഷമമാക്കാനും ബാക്കിയുള്ളവ കമ്മീഷൻ ചെയ്യുവാനും നടപടി എടുത്തുവരുന്നു. ഉൽപ്പാദന യൂണിറ്റുകൾക്കുണ്ടാകുന്ന ചകിരിനാരിന്റെ ദൗർലഭ്യം കണക്കിലെടുത്തുകൊണ്ട് സ്വകാര്യമേഖലയിലെ യന്ത്രവൽകൃത ഡീഫൈബറിംഗ് യൂണിറ്റുകൾക്ക് പ്രത്യേക ധനസഹായം നൽകാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട് .

(ബി) ഉൽപ്പാദിപ്പിക്കുന്ന മുഴുവൻ തേങ്ങയുടെയും തൊണ്ട് ശേഖരിച്ചാൽ പ്രതിവർഷം 2 ലക്ഷം മെട്രിക്ടൺ ചകിരി ഉൽപ്പാദിപ്പിക്കാൻ കഴിയും. തൊണ്ടിന് മണ്ഡരി രോഗം

ബാധിച്ചതുമൂലം ചകിരി എത്രകണ്ട് കുറയുമെന്ന് പറയാൻ പ്രയാസമാണ്. ചുരുങ്ങിയ ചെലവിൽ മുഴുവൻ തൊണ്ടും സംഭരിക്കുക എന്നത് പ്രായോഗികമല്ല.

(സി) വ്യവസായത്തിന്റെ നിലനിൽപ്പിന് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ചകിരിയോടൊപ്പം തമിഴ്നാട്ടിൽനിന്നും കൊണ്ടുവരുന്ന ചകിരിയും ഉപയോഗിക്കുന്നുണ്ട് .

(ഡി) സ്വകാര്യ മേഖലയിൽ കൂടുതൽ ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ലഭ്യമാകുന്ന തൊണ്ടിന്റെ 50% വും ഉപയോഗിക്കപ്പെടണം എന്ന ഉദ്ദേശത്തോടെ നഗരങ്ങളിലും ഗ്രാമങ്ങളിലും തൊണ്ടുശേഖരിക്കുന്നതിന് പ്രോൽസാഹനം നൽകാനുള്ള ഒരു പദ്ധതി കയർ ബോർഡിന്റെ പരിഗണനയിലുണ്ട്. സംസ്ക്കരിക്കുന്ന തൊണ്ടുതല്ലൽ യന്ത്രം വികസിപ്പിച്ചെടുക്കുന്നതിനുള്ള നടപടിയും കയർബോർഡ് സ്വീകരിച്ചുവരുന്നുണ്ട്. ഇതിനുപുറമെ ചകിരിയും തൊണ്ടും ഇറക്കുമതി ചെയ്യുന്നതും ലക്ഷദ്വീപിൽനിന്നും ചകിരി കൊണ്ടുവരുന്നതും സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ഇ) ഇല്ല.

## താന്ത്രിക വിദ്യകളും പൂജാവിധികളും പഠിപ്പിക്കുന്നതിനുള്ള സ്ഥാപനങ്ങൾ

*794. ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. കെ.കെ. ഷാജു :
ശ്രീ. ഷിബു ബേബിജോൺ :
ശ്രീ. എ.എൻ. രാജൻബാബു :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താന്ത്രിക വിദ്യകളും പൂജാവിധികളും പഠിപ്പിക്കുന്നതിന് ദേവസ്വം ബോർഡുകളുടെ കീഴിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കുന്നതിനുള്ള മാനദണ്ഡം വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. ജി. കാർത്തികേയൻ (ഭക്ഷ്യവും സാംസ്ക്കാരികവും ദേവസ്വവും വകുപ്പുമന്ത്രി) :**

(എ) ഇല്ല.

(ബി) & (സി ) ഉദിക്കുന്നില്ല.

## കായികനേട്ടങ്ങളുണ്ടാക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകാൻ നടപടി

*795. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. വി.കെ. ഇബ്രാഹിംകുഞ്ഞ് :
ശ്രീ. ടി.പി.എം. സാഹിർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തലത്തിൽ കായികനേട്ടങ്ങളുണ്ടാക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകാൻ സംസ്ഥാനത്ത് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് ;

(ബി) സ്പോർട്സ് സ്കൂളുകളിൽ ചേർന്നിട്ടില്ലാത്ത ഭാവി വാഗ്ദാനങ്ങളായ താരങ്ങളെ കണ്ടെത്താൻ കായിക വകുപ്പിനുള്ള സംവിധാനമെന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) സംസ്ഥാനത്തിനു പുറത്തോ, അന്തർദേശീയ നിലവാരമുള്ള കായികപ്രതിഭകൾക്കൊപ്പമോ വിദഗ്ദ്ധ പരിശീലനം ലഭ്യമാക്കുന്നതിന് പദ്ധതികളുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അക്കാര്യം വിശദമാക്കാമോ ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി) :**

(എ) സ്കൂൾ തലത്തിൽ കായികനേട്ടങ്ങൾ ഉണ്ടാക്കുന്ന വിദ്യാർത്ഥികൾക്ക് മികച്ച പരിശീലനം നൽകാൻ കേരളാ സ്പോർട്സ് കൗൺസിൽ കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളും, സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളും നടത്തുന്നു. ഈ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് വിദഗ്ദ്ധ പരിശീലനത്തിനുവേണ്ടി ആധുനിക പരിശീലനം ലഭിച്ച പരിശീലകരേയും ആധുനിക കായിക ഉപകരണങ്ങളും നൽകിവരുന്നു. കൂടാതെ വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ 129 സ്കൂളുകൾ സ്പെഷ്യൽ കോച്ചിംഗ് സെന്ററുകളായി തെരഞ്ഞെടുത്ത്, പ്രസ്തുത സ്കൂളുകളിലെ കായികനേട്ടങ്ങളുണ്ടാക്കുന്ന കുട്ടികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നു. ജില്ലാ കോച്ചിംഗ് ക്യാമ്പ്, സമ്മർ കോച്ചിംഗ് ക്യാമ്പ് എന്നിവ സംഘടിപ്പിച്ചും പരിശീലനം നൽകുന്നുണ്ട്.

സബ്ജില്ല, ജില്ലാ, സോണൽ മൽസരങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളെ തെരഞ്ഞെടുത്ത് തിരുവനന്തപുരം, ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്ഥാപനങ്ങളിൽ 8-ാം ക്ലാസ്സിലേക്ക് പ്രവേശനം നൽകി വിദഗ്ദ്ധ പരിശീലനം നൽകുന്നു.

(ബി) സ്പോർട്സ് സ്കൂളുകളിൽ ചേർന്നിട്ടില്ലാത്ത ഭാവി വാഗ്ദാനങ്ങളായ താരങ്ങളെ കണ്ടെത്താൻ കേരള സ്പോർട്സ് കൗൺസിലും സംസ്ഥാന സ്പോർട്സ് അസോസിയേഷനുകളും വിദ്യാർത്ഥികൾക്കുവേണ്ടി ജില്ലാ സംസ്ഥാന തലങ്ങളിൽ വിവിധ കായിക മൽസരങ്ങൾ സംഘടിപ്പിക്കുകയും അതിൽ മികവു കാട്ടുന്ന കായികതാരങ്ങളെ കേരള സ്പോർട്സ് കൗൺസിൽ നേരിട്ടു നടത്തുന്ന കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളിലും കേരളത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള സ്കൂൾ സ്പോർട്സ് ഹോസ്റ്റലുകളിലും പ്രവേശനം നൽകി വിദഗ്ദ്ധ കായിക പരിശീലനം നൽകിവരുന്നു.

(സി)&(ഡി) ഉണ്ട്. ഇത്തരത്തിലുള്ള വിദഗ്ദ്ധ പരിശീലനത്തിന് ആവശ്യം ഉണ്ടാകുന്നതിനനുസരിച്ച് സ്പോർട്സ് കൗൺസിൽ ധനസഹായം നൽകിവരുന്നുണ്ട്. സ്കൂൾ ഗയിംസ് ഫെഡറേഷൻ ഓഫ് ഇൻഡ്യയുടെ നേതൃത്വത്തിൽ വിദഗ്ദ്ധ പരിശീലനം നൽകുന്ന പദ്ധതിയും നിലവിലുണ്ട്.

**ശ്രീലങ്കയിൽ നിന്നുള്ള കുരുമുളക് ഇറക്കുമതിക്ക് ചുങ്കം ഏർപ്പെടുത്താൻ നടപടി**

*796. ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. പി.ടി. തോമസ് :
ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. ടി.വി. ചന്ദ്രമോഹൻ :
ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീലങ്ക കുരുമുളക് ഉൽപ്പാദിപ്പിക്കുന്ന ഒരു രാജ്യമാണോ ;

(ബി) അല്ലാത്തപക്ഷം കുരുമുളകിനെ നെഗറ്റീവ് ലിസ്റ്റിലുള്ള ഉൽപ്പന്നമായി കണക്കാക്കി ശ്രീലങ്കയിൽ നിന്നുള്ള കുരുമുളക് ഇറക്കുമതിക്ക് ചുങ്കം ഏർപ്പെടുത്തണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇപ്രകാരം ഒരാവശ്യം ഉന്നയിക്കുവാൻ നടപടി എടുക്കുമോ ;

(ഡി) വിയറ്റ്നാം, ഗോട്ടിമാല എന്നീ രാജ്യങ്ങളിൽ നിന്ന് ശ്രീലങ്കയിൽ ഇറക്കുമതി ചെയ്യുന്ന കുരുമുളക് സ്വിച്ച് ട്രെയിഡ് അടിസ്ഥാനത്തിൽ ഇൻഡ്യയിലേക്ക് ശ്രീലങ്ക ഇറക്കുമതി ചെയ്യുന്നുണ്ടോ ;

(ഇ) ഇത് കേരളത്തെ ഏതുവിധത്തിൽ ബാധിക്കും എന്ന് വ്യക്തമാക്കാമോ ;

(എഫ്) ഇറക്കുമതി ചുങ്കം ഒഴിവാക്കിക്കൊണ്ട് ശ്രീലങ്ക കുരുമുളക് വ്യാപാരത്തിൽ നടത്തുന്ന സ്വിച്ച് ട്രെയിഡ് അവസാനിപ്പിക്കുവാൻ നടപടി എടുക്കുമോ ?

**ഉത്തരം**
**ശ്രീമതി കെ.ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)** :

(എ) അതെ.

(ബി) &(സി) 1-3-2000 മുതൽ നിലവിൽവന്ന ഇൻഡ്യയും ശ്രീലങ്കയും തമ്മിലുള്ള സ്വതന്ത്രവ്യാപാര കരാർ അനുസരിച്ച് സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെടെയുള്ള എല്ലാ കാർഷികോൽപ്പന്നങ്ങളും ശ്രീലങ്കയിൽനിന്നും ഇറക്കുമതി ചെയ്യുന്നതിന് 90 ശതമാനം ഡ്യൂട്ടിയിൽ സൗജന്യമനുവദിച്ചിരുന്നു. എന്നാൽ 18-3-2003 മുതൽ ഈ സൗജന്യം 100% ആക്കി കേന്ദ്ര സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട് .

അതിനാൽ ശ്രീലങ്കയിൽ നിന്നുള്ള അമിതമായ കുരുമുളക് ഇറക്കുമതി നിയന്ത്രിക്കുന്നതിനായി ഡ്യൂട്ടിയിൽ സൗജന്യമനുവദിച്ചുകൊണ്ടുള്ള ഇറക്കുമതിക്ക് നിയന്ത്രണമേർപ്പെടുത്തുകയോ മിതമായ നിരക്കിലുള്ള ഇറക്കുമതി തീരുവ പുനസ്ഥാപിക്കുകയോ ചെയ്യണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) വിയറ്റ്നാം, ഗ്വാട്ടിമല എന്നീ രാജ്യങ്ങളിൽ നിന്നും ശ്രീലങ്കയിൽ ഇറക്കുമതി ചെയ്യപ്പെടുന്ന കുരുമുളക് സ്വിച്ച് ട്രെയിംഗ് അടിസ്ഥാനത്തിൽ ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യാനുള്ള സാധ്യതയുള്ളതായി അറിയുന്നു. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

(ഇ) തീരുവരഹിത ഇറക്കുമതിക്ക് അനുമതി കൊടുത്തതിനാൽ ശ്രീലങ്കയിൽ നിന്നും വൻതോതിൽ കുരുമുളക് ഇറക്കുമതി നടക്കുന്നതായി അറിയുന്നു.

ഈ അമിതമായ ഇറക്കുമതി കാരണം കുരുമുളകിന്റെ വില സാരമായി കുറഞ്ഞിട്ടുണ്ട്. ഇതിന് പ്രതിവിധി കാണാനായി ഇറക്കുമതി തീരുവയിൽ മാറ്റം വരുത്താൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(എഫ്) കേന്ദ്രസർക്കാർ തലത്തിൽ നടപടി കൈക്കൊള്ളേണ്ട കാര്യമാണ്.

.

## കാലാവസ്ഥയ്ക്ക് യോജിച്ച മരങ്ങളും ചെടികളും നട്ടുവളർത്താൻ നടപടി

797. ശ്രീ. എ.സി. ഷൺമുഖദാസ്
ശ്രീ കെ.പി. മോഹനൻ
ഡോ. എ. നീല ലോഹിതദാസൻ നാടാർ
ശ്രീ. സി.കെ. നാണു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസംഥാനത്തിന്റെ പ്രത്യേക കാലാവസ്ഥയ്ക്ക് യോജിച്ച രീതിയിൽ കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയുന്ന മരങ്ങളും ചെടികളും എന്തൊക്കെയാണ്;

(ബി) ഇവ നട്ടുവളർത്താൻ ജനങ്ങളെ സഹായിക്കാൻ അവയുടെ തൈകൾ വിതരണം ചെയ്യാനും കൃഷി ആവശ്യത്തിനുവേണ്ട മറ്റു സഹായങ്ങൾ ചെയ്യാനും എന്തെങ്കിലും നടപടികൾ നിലവിലുണ്ടോ;

(സി) സംസ്ഥാനത്ത് വനംവകുപ്പുമായി ബന്ധപ്പെട്ട്കൊണ്ട് വനമേഖലയിൽ ഏതെങ്കിലും തരത്തിലുള്ള മരങ്ങളും ചെടികളും നട്ടുവളർത്താനുള്ള എന്തെങ്കിലും പ്രവർത്തനങ്ങൾ ഇപ്പോൾ യോജിച്ചു നടത്തുന്നുണ്ടൊ;

(ഡി) സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി മരംവച്ച് പിടിപ്പിക്കുന്ന അവസരത്തിൽ കൃഷിവകുപ്പ് ഏതെങ്കിലും വിലപിടിപ്പുള്ളതായ മരത്തിന്റെ തൈകൾ നട്ടുപിടിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീമതി കെ. ആർ ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) തഴെപ്പറയുന്ന മരങ്ങളും ചെടികളും കൂടുതൽ വരുമാനമുണ്ടാക്കാൻ കഴിയുന്നവയാണ്.

തെങ്ങ്, കമുക്, റബ്ബർ തേക്ക് ഈട്ടി മഹാഗണി, ആഞ്ഞിലി, പ്ലാവ്, മരുത്, അയണി, വാക, വേങ്ങ, മുള, കാറ്റാടി, മാഞ്ചിയം, ചന്ദനം, വെള്ളപ്പൈൻ, ഉങ്ങ്, സിൽവർ ഓക്ക്, വേപ്പ്, ഞാവൽ, അഗത്തി, അകിൽ, അംകൊലം, അമൽപ്പൊരി, സർപ്പഗന്ധി, അമൃത്, അരളി, അശോകം, ആടലോടകം, ആവണക്ക്, ഇലവ്, ഉമ്മം, കച്ചോലം, കരിംകൂവളം, കരിനൊച്ചി, കരിവേപ്പ്, കറ്റാർവാഴ, കാഞ്ഞിരംകുന്നി, കൂവളം, ചിറ്റരത്ത, കൊടുവേലി, ചെറുനാരകം, ജാതി, തുളസി, തെറ്റി, മാതളം, പ്ളാശ്, യൂക്കാലി, പുന്ന, മഞ്ഞക്കടമ്പ്, മട്ടി, തുടങ്ങിയവ.

(ബി) മേൽപ്പറഞ്ഞവയിൽ ഒൗഷധച്ടെികൾ പ്രോത്സാഹിപ്പിക്കുന്നതിന് കൃഷിവകുപ്പ് ഒരു കേന്ദ്ര സഹായ പദ്ധതി നടപ്പാക്കുന്നുണ്ട്. 2003-2004 ൽ ഇതിലേക്ക് 10 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്, കൃഷിയിടങ്ങളിൽ പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുക ഔഷധ സസ്യകൃഷിയിടം വ്യാപിപ്പിക്കുക. കൃഷിക്കാർക്ക് പരിശീലനം നൽകുക എന്നിവയാണ് പരിപാടികൾ. കൂടാതെ വികസനത്തിന് ഒരു ഹെർബൽ ബയോവാലിക്ക് രൂപം കൊടുക്കാനും നടപടി കൈക്കൊണ്ടുവരുന്നു.

തെങ്ങ് കൃഷിക്ക് രോഗപ്രതിരോധശേഷിയും ഗുണമെൻമയും ഉള്ള തെങ്ങിൻതൈകൾ വിതരണം ചെയ്യാനും മരുന്നു തളിയുൾപ്പെടെ രോഗ നിയന്ത്രണ സഹായങ്ങൾ നൽകാനും മറ്റും കൃഷിവകുപ്പ് പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മറ്റ് മരങ്ങൾ നട്ടുവളർത്താൻ വനം വകുപ്പിൽ നിന്നും സംസ്ഥാനത്തെ കർഷകർക്കും കുടുംബശ്രീ യൂണിറ്റുകൾക്കും ആവശ്യമായ പരിശീലനം നടത്തുകയും വിത്തുകൾ വിതരണം ചെയ്ത നഴ്സറികൾ ഉണ്ടാക്കാൻ സഹായം നൽകുകയും ചെയ്യുന്നുണ്ട്.

(സി) ഇല്ല.

(ഡി) നിലവിൽ ഇത്തരത്തിലുള്ള പദ്ധതിയൊന്നും കൃഷിവകുപ്പിന്റെ പരിഗണനയിലില്ല.

## ട്രഷറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും നടപടി

798. ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ സ്റ്റീഫൻ ജോർജ്
ശ്രീ ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ ട്രഷറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ട്രഷറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനായി ഇനി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ശ്രീ. കെ. ശങ്കരനാരായണൻ (ധനകാര്യവും വ്യവസായവും വകുപ്പുമന്ത്രി)

(എ) സംസ്താനത്തെ ട്രഷറികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ എല്ലാ ട്രഷറികളും കമ്പ്യൂട്ടർവത്ക്കരിക്കുന്നതിനും ട്രഷറികൾ തമ്മിലും ട്രഷറികളും ധനകാര്യവകുപ്പും അക്കൗണ്ടന്റ് ജനറൽ ഓഫീസുമായും കമ്പ്യൂട്ടർ ശൃംഖല മുഖേന ബന്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സംസ്ഥാനത്തെ എല്ലാ ട്രഷറികളിലും 2003 സെപ്റ്റംബർ 30-ാം തീയതിയോടുകൂടി ധനമിടപാടുകൾ കമ്പ്യൂട്ടർ മുഖേന നടത്തുവാൻ പ്രാപ്തമാക്കുന്നതിനും ട്രഷറി കെട്ടിടങ്ങളുടെ ശോച്യാവസ്ഥ പരിഹരിച്ച് ജീവനക്കാർക്കും ട്രഷറി ഇടപാടുകാർക്കും മെച്ചപ്പെട്ട സൗകര്യം നൽകുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ

799. ശ്രീ. എം.വി. ജയരാജൻ
ശ്രീ മഞ്ഞളാംകുഴി അലി
ശ്രീ ടി.കെ. ബാലൻ
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പൊർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(ബി) ലോകബാങ്കിന്റെ സഹായത്തോടെ വനമേഖലയുടെ ഉന്നമനത്തിനും ശാസ്ത്രീയരീതിയിൽ വ്യത്യസ്ത ജൈവവൈവിദ്ധ്യമേഖലകളുടെ ഉന്നമനത്തിനായി എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ഈ പദ്ധതി ആരംഭിച്ചത്; ഈ പദ്ധതിയുടെ അടങ്കൽ തുക എത്രയാണ്;

(സി) ഈ പദ്ധതിയുടെ നടത്തിപ്പിനായി ഇതിനകം ലോകബാങ്കിൽ നിന്നും എന്തു തുക ലഭിച്ചിട്ടുണ്ടെന്ന് പറയാമോ;

(ഡി) ഈ പദ്ധതിയുടെ ഭാഗമായി എന്തെല്ലാം സ്കീമുകളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഇ) വനം വകുപ്പിലെ വിവരശേഖരണ്, മാനേജ്മെന്റ് വിശകലനം, കോഡീകരണം, പ്രചരണം എന്നിവ അഭിവൃദ്ധിപ്പെടുത്താൻവേണ്ടി ഏതെങ്കിലും സ്ഥാപനത്തിന് കൺസൾട്ടൻസി നൽകിയിട്ടുണ്ടോ; എങ്കിൽ അവ ഏത് സ്ഥാപനത്തിനാണ് നൽകിയിട്ടുള്ളതെന്ന് പറയാമോ;

(എഫ്) കൺസൾട്ടൻസിയെ തെരെഞ്ഞെടുത്തതിലുള്ള മാനദണ്ഡം, അവർക്കു നൽകുന്ന ഫീസ്, മറ്റ് വ്യവസ്ഥകൾ എന്നിവ സംബന്ധിച്ച് വിശദവിവരം നൽകുമോ;

(ജി) ഫോറസ്ട്രി പ്രോജക്ടിന്റെ ഘടകമായ വനപരിപാലനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

**ഉത്തരം**
**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി)**

(എ) കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഉദ്ദേശലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. ജൈവവൈവിദ്ധ്യ സംരക്ഷണം മെച്ചപ്പെടുത്തുകയും വനങ്ങളുടെ മൂല്യശോഷണം തടയുകയും ചെയ്യുക തൻമൂലം വനങ്ങൾ അവയുടെ പാരിസ്ഥിതിക പ്രവർത്നങ്ങൾ പൂർണ്ണമായും തുടർന്നും നടത്തിക്കൊണ്ടിരിക്കും.
2. നിർദ്ദിഷ്ടവനപ്രദേശങ്ങളിലും കൃഷിസ്ഥലങ്ങളിലും തടിയുടെയും തടിയിതര വന ഉർപ്പന്നങ്ങളുടെയും സ്ഥായിയായ ഉല്പാദനം വർദ്ധിപ്പിക്കുക.
3. വനത്തിനുള്ളിലും പരിസരത്തും താമസിക്കുന്ന ആദിവാസികൾ ഉൾപ്പെടെയുള്ള സമൂഹത്തിലെ ദരിദ്രരും ദുർബലരും ആയ ഗ്രാമീണ ജനതയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുക

(ബി) ലോകബാങ്കിന്റെ സഹായത്തോടെ കേരള ഫോറസ്ട്രി പദ്ധതി, ഗ്ളോബൽ എൻവയോൺമെന്റിന്റെ ഫസിലിറ്റിയുടെ ഭാഗമായി തേക്കടിയിലെ പെരിയാർ ടൈഗർ റിസർവിൽ ഇന്ത്യ ഇക്കൊ ഡവലപ്മെനറ് പദ്ധതി എന്നിവ ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരള ഫോറസ്ട്രി പ്രോജക്ട് 1998 ജൂലൈ മാസം മുതലും ഇന്ത്യ ഇക്കോ ഡവലപ്മെന്റ് പദ്ധതി 1996 നവമ്പർ മാസം മുതലും നടപ്പിലാക്കിവരുന്നു. കേരള ഫോറസ്ട്രി പ്രോജക്ടിന്റെ അടങ്കർൽ തുക 182.39 കോടി രൂപയും ഇന്ത്യ ഇക്കോ ഡവലപ്മെന്റ് പദ്ധതിയുടെ അടങ്കൽ തുക 30.59 കോടി രൂപയുമാണ്.

(സി) ഈ പദ്ധതികളുടെ നടത്തിപ്പിനായി ഇതിനകം ലോകബാങ്കിൽനിന്നും 107.73 കോടി രൂപ കേരള ഫോറസ്ട്രി പ്രോജക്ടിനും 24.26 കോടി രൂപ ഇന്ത്യ ഇക്കോ ഡവലപ്മെന്റ് പദ്ധതിയ്ക്കും ലഭ്യമായിട്ടുണ്ട്

(ഡി) കേരളത്തിലെ വനമേഖലയുടെ സമഗ്രമായ വികസനവും വനസംരക്ഷണവും ഉദ്ദേശിച്ചുകൊണ്ട് നടപ്പിലാക്കുന്ന പദ്ധതിയാണ് കേരള ഫോറസ്ട്രി പ്രോജക്ട്. വനമേഖലയുടെ ഭരണനിർവ്വഹണത്തിനാവശ്യമായ നയപരിഷ്ക്കരണം, സംതാപനവികസനംഷ മാനവശേഷി വികസനം, വനപരിപാലനത്തിന്റെ ഭാഗമായി സ്വാഭാവിക വനം ാഭിവൃദ്ധിപ്പെടുത്തൽ, ഈറ,

മുള, ചൂരൽ എന്നിവയുടെ പുനരുദ്ധാരണം, പ്രക്ഷീട വനങ്ങളിലെ പുനരധിവാസം, പങ്കാളിത്ത വന പരിപാലനം, തോട്ടങ്ങളുടെ നിർമ്മാണം നടീൽ വസ്തുക്കളുടെ മെച്ചപ്പെടുത്തലും പ്രയുക്ത ഗവേഷണവും വീട്ടുവളപ്പിലെ വനവൽക്കരണം, കാട്ടുതീ സംരക്ഷണം എന്നിവയാണ് കേരള ഫോറസ്ട്രി പ്രോജക്ടിന്റെ പ്രധാന ഘടകങ്ങൾ

ഇന്ത്യ ഇക്കോ ഡവലപ്മെന്റ് പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1. പെരിയാർ ടൈഗർ റിസർവ്വിന്റെ ജൈവ വൈവിധ്യ സംരക്ഷണ പദ്ധതികൾ
2. വന്യമൃഗ സംരക്ഷണ കേന്ദ്രത്തിന്റെ സംരക്ഷണത്തിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കാനായി ഇക്കോ ഡവലപ്മെന്റ് കമ്മിറ്റി രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ.
3. പരിസര വാസികളുടെ ഉന്നമനത്തിനും തദ്വാര അവർമൂലം സംരക്ഷണ കേന്ദ്രത്തിനുണ്ടാകുന്ന വിപരീത സമ്മർദ്ദം കുറയ്ക്കുവാനുള്ള പ്രവർത്തനങ്ങൾ
4. ജീവജാലങ്ങളെയും സസ്യജാലങ്ങളെയും കുറിച്ചുള്ള ഗവേഷണ പഠനങ്ങൾ

(ഇ) ഉണ്ട്. ഒരു ഇന്ത്യ ഗവൺമെന്റ് സംരംഭമായ റെയിൽ ഇന്ത്യ ടെക്നിക്കൽ ആന്റ് ഇക്കണോമിക് സർവീസസ് ലിമിറ്റഡ് (റൈറ്റ്സ് ലിമിറ്റഡ്) ന്യൂഡൽഹിക്കാണ് നൽകിയിട്ടുള്ളത്.
(എഫ്ഠ കൺസൾട്ടൻസികളെ തെരെഞ്ഞെടുക്കുന്നതിനുള്ള ലോകബാങ്കിന്റെ മാനദണ്ഡം അനുസരിച്ചാണ് പ്രസ്തുത സ്ഥാപനത്തെ തെരെഞ്ഞെടുത്തിട്ടുള്ളത്. ഖണസൾട്ടൻസി ഫീസ് 92.5 ലക്ഷം രൂപയാണ്. വിശദമായ വ്യവസ്ഥകൾ അടങ്ങുന്ന ലോകബാങ്കിന്റെ അംഗീകാരമുള്ള കരാർ വ്യവസ്ഥകളിലാണ് കൺസൾട്ടൻസി നൽകിയിരിക്കുന്നത്. കാലാവധിയുള്ള ഈ കരാർ 20-04-2001 -ൽ ചീഫ് ഫോറസ്റ്റ് കൺസർവെറ്റർ (ലോകബാങ്ക് പദ്ധതി)യും റൈറ്റ്സും കൂടി ഒപ്പുവച്ചിട്ടുണ്ട്. കരാർ പ്രകാരമുള്ള ടേംസ് ഓഫ് റഫറൻസിലെ പ്രവർത്തനങ്ങൾ തൃപ്തികരമായി പൂർത്തീകരിക്കുന്ന മുറയ്ക്ക് ആറു തവണകളായി കരാർ അടങ്കള്ൽ റൈറ്റ്സിന് നൽകാജ വ്യവസ്ഥ ചെയ്തിരിക്കുന്നു. കരാറുകാർക്ക് ബന്ധപ്പെട്ട രേഖകളുംം മാപ്പുകളും മറ്റും വിശകലനം ചെയ്യുവാനുള്ള അവസരം നൽകുവാനും ആവശ്യമായിവരുന്ന ഹാർഡ്വെയർ, സോഫ്റ്റ്വെയർ എന്നിവ അവർക്ക് ലഭ്യമാക്കാനും കരാറിൽ വ്യവസ്ഥയുണ്ട്.
(ജി) കേരള ഫോറസ്ട്രി പ്രോജക്ടിന്റെ ഘടകമായ വനപരിപാലനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്വാഭാവിക വനം അഭിവൃദ്ധിപ്പെടുത്തൽ, ഈറ,മുള, ചൂരൽ എന്നിവയുടെ പുനരുദ്ധാരണം, പ്രക്ഷീണ വനങ്ങളിലെ പുനരധിവാസം നടീൽ വസ്തുക്കളുടെ മെച്ചപ്പെടുത്തലും പ്രയുക്ത ഗവേഷണവും വീട്ടുവളപ്പിലെ വനവൽക്കരണം, കാട്ടുതീ സംരക്ഷണം എന്നീ പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്.

## വനങ്ങളിൽ ശാസ്ത്രീയ പഠനം നടത്താൻ അനുമതി ലഭിച്ചിട്ടുള്ളവർ

800. ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർടസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്ത് വനമേഖലയിൽ കാണപ്പെടുന്ന അപൂർവ്വ ഇനങ്ങളിൽപ്പെടുന്ന മ,ഗങ്ങൾ പക്ഷികൾ സസ്യങ്ങൾ എന്നിവയെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ വനപ്രദേശത്ത് പഠനം നടത്താൻ ഏതെല്ലാം ഏജൻസികൾക്ക് അനുമതി നൽകിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം സംസ്താനത്തെ വനമേഖലയിൽ വിവിധ തരത്തിലുള്ള പഠനം നടത്താൻ അനുമതി നൽകിയ സംഘങ്ങളിൽ വിദേശ ധനസഹായം കൈപ്പറ്റുന്നവ ഏതെല്ലാം എന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ വനപ്രദേശങ്ങളിൽ പഠനം നടത്താൻ അനുവാദം നൽകുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ ?

**ഉത്തരം**

**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. പൂർണ്ണവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. 1. സംസംതാനത്ത് വനമേഖലയിൽ കാണപ്പെടുന്ന അപൂർവ്വ് ഇനങ്ങളിൽപ്പെടുന്ന മൃഗങ്ങൾ, പക്ഷികൾ, സസ്യങ്ങൾ എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

മൃഗങ്ങളും ഉരഗങ്ങളും

ആന,കടുവ, പുലി, കിരിങ്കുരങ്ങ്, സിംഹമാലൻ കുരങ്ങ്, കരടി, കൂരമാൻ, വരയാട്, നീലഗിരി മാൻ, നീർനായ, കാട്ടുപൂച്ച, അളുങ്ക്, മരയണ്ണാൻ, ചാമ്പൽ മരയണ്ണാൻ, ചീങ്കണ്ണി, ഉടുമ്പ്, മലമ്പാമ്പ്, രാജവെമ്പാല എന്നിവ.

പക്ഷികൾ

മലമുഴക്കി, വേഴാമ്പൽ, പെരിഗ്രീൻ ഫാൽക്കൺ, നീലഗിരിവുഡ്, പീജിയോൺ, താലിപ്പരുന്ത്, ബോർഡില്ലോൺ, നൈറ്റ് ജാർ തുടങ്ങിയവ

<u>സസ്യങ്ങൾ</u>
ചെങ്കുറിഞ്ഞി, എബണി, കൊപ്പന, ചൂരൽ, കറുവ, വയനാവ്, നീലക്കുറിഞ്ഞി, ആരോഗ്യപ്പച്ച, വരമഞ്ഞൾ, തുടങ്ങിയവ
വന്യജീവി സംരക്ഷണത്തിൽ വന്യജീവികളുടെ ആവാസവ്യവസ്ഥ മെച്ചപ്പെടുത്തുക, സംരക്ഷണ പ്രവർത്ത്നങ്ങൾ നടത്തുക, സംരക്ഷണത്തിനുളള അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക, മനുഷ്യനും മൃഗങ്ങളും തമ്മിലുളള സംഘർഷം കുറയ്ക്കുക, ഇക്കോ ഡവലപ്മെന്റ് പദ്ധതികൾ നടപ്പിലാക്കുക, പ്രകൃതി സംരക്ഷണ അവബോധന പ്രവർത്നങ്ങൾ നടത്തുക, ഗവേഷണപഠനങ്ങൾ നടത്തുക എന്നീ പ്രവർത്തനങ്ങ്ൾക്കാണ് കൂടുതൽ പ്രാമുഖ്യം നൽകുന്നത്. വന്യമൃഗങ്ങളുടെ ആവാസ വ്യവസ്ഥ പരിരക്ഷിക്കുന്നതിന്, മണ്ണ്, ജല സംരക്ഷണ പ്രവർത്നങ്ങൾ നടത്തുക, പ്രക്ഷീണ ആവാസ വ്യവസ്ഥകൾ പുനരുജ്ജീവിപ്പിക്കുക, തീടപ്പുല്ല്-ഫലവൃക്ഷങ്ങൾ എന്നിവ വച്ചുപിടിപ്പിക്കുക, കള നിർമ്മാർജ്ജനം ചെയ്യുക, കൊറിഡോറുകൾ സ്ഥാപിക്കുന്നതിന് ഭൂമി ഏറ്റെടുക്കുക, കാട്ടുതീ തടയുക എന്നീ വ്രർത്നങ്ങൾ നടത്തിവരുന്നു.

വന്യജീവി വിഭാഗത്തിൽ സംരക്ഷണ ഉദ്യോഗസ്ഥരുടെ എല്ലാ തസ്തികകളിലും നിയമനം നടത്തി വിപുലമായ പട്രോളിംഗും ആവശ്യകതയനുസരിച്ച് ആന്റീ പോച്ചിംഗ് ക്യാമ്പുകളും സംഘടിപ്പിക്കുന്നണ്ട്. സ്ഥിരം ഉദ്യൈഗസ്ഥർക്കു പുറമേ സംരക്ഷണ പ്രവർത്തനങ്ങളിൽ സഹായക്കുന്നതിനായി 8 ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷനുകളുടെ കീഴിലായി 19 ഫ്ളൈയിംഗ് സ്ക്വാഡ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. സംരക്ഷിതമേഖലയ്ക്ക് പുറത്തുളള വന്യജീവികളുടെ സംരക്ഷണം ടെറിട്ടോറിയൽ വിഭാഗം ഉദ്യോഗസ്ഥർ നിർവ്വഹിക്കുന്നു.

സംരക്ഷണ പ്രവർത്തനങ്ങൾക്കായി വന്യജീവി സങ്കേതങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുളള വയർലസ് ശൃംഖ, റോഡ്, നടപ്പാത, വാഹനങ്ങൾ, ബോട്ട്, വാച്ടവറുകൾ, പിക്കറ്റ് സ്റ്റേഷനുകൾ, ക്യാമ്പിംഗ് സംവിധാനങ്ങൾ, സംരക്ഷണ ഉദ്യോഗസ്ഥൻമാർക്കുളള ആയുധങ്ങൾ, എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുകയും മെച്ചപ്പെടുത്തുകയും ചെയ്തുവരുന്നു.

മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുളള സംഘർഷം കുറയ്ക്കുന്നതിന് വൈദ്യുതി കമ്പിവേലികളും, കിടങ്ങുകളും മറ്റും നിർമ്മിക്കുകയും വന്യമൃഗങ്ങൾ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക്1 നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നുണ്ട്.

വനം സംരക്ഷണ പ്രവർത്തനങ്ങളിൽ പൊതുജനപങ്കാളിത്തം ഉറപ്പുവരുത്താൻ തദ്ദെശീയരുടെ സഹകരണത്തോടെ ഇക്കോഡവലപ്മെന്റ് പ്രവർത്തനങ്ങൾ നടത്തിവരുന്നു. വനസംരക്ഷണത്തിന് ഏറ്റവും നല്ല ഉപാധിയാണ് ബോധവൽക്കരണം. ഇതിനായി ബോധവത്ക്കരണ പരിപാടികളും പ്രകൃതി പഠന ക്യാമ്പുകളും പൊതുജനങ്ങൾക്കായി നടത്തുന്നുണ്ട്.

വന്യജീവി പരിപാലനം, സംരക്ഷണം പരിരക്ഷണം ഇവ മെച്ചപ്പെടുത്തുന്നതിനുളള പദ്ധതികൾ വിസിപ്പിക്കുന്നതിനായി ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കൂടാതെ അതിർത്തി പ്രദേശങ്ങളിൽ സംരക്ഷണ പ്രവർത്നങ്ങൾ ഊർജ്ജിതമാക്കുന്നതിനും കുറ്റകൃത്യങ്ങളുടെ വിവരം പരസ്പരം കൈമാറുന്നതിനും സംയുക്ത പ്രോളിംഗ് നടത്തുന്നതിനും വേണ്ട നിർദ്ദെശങ്ങൾ വൈൽഡ് ലൈഫ് വാർഡൻമാർക്കും ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും നൽകിയിട്ടുണ്ട്.

(ബി) പീച്ചിയിലെ കേരള വനഗവേഷണ സ്ഥാപനം, പാലോടിലെ ട്രോപ്പിക്കൽ ബോട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, കേരള അഗ്രികൾച്ചറൽ യൂണിവെഴ്സിറ്റി, സലിം അലി വൈൽഡ് വിംഗ്സ് ട്രസ്റ്റ്, സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്, കേരള യൂണിവേഴ്സിറ്റി, തൃശൂർ എന്നീസ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി) ശാസ്ത്രീയ പഠനങ്ങൾ നടത്തുന്നതിന് പ്രത്യേകിച്ച ജീവശാസ്ത്രപരമായ വസ്തുക്കൾ ശേഖരിക്കുന്നതിനുളള മാനദണ്ഡങ്ങൾ സർക്കാർ ഉത്തരവ് നമ്പർ. 40/2003/വനം തീയതി 24.01.2003 പ്രകാരം ഉത്തരവവായിട്ടുണ്ട്.

<u>വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പക്ഷികളെയും മൃഗങ്ങളെയും സംരക്ഷിക്കുന്നതിന് നടപടി</u>

801. ശ്രീ. കെ. മോഹൻകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ എവിടെയെല്ലാമാണെന്നും ഇവയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കുമോ;

(ബി) വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന സംരക്ഷിത പക്ഷികളും മൃഗങ്ങളും ഏതെല്ലാമെന്ന് അറിയിക്കാമോ;

(സി) ഇവയുടെ സംരക്ഷണത്തിനും വംശവർദ്ധനവിനുമായി എന്തെല്ലാം നൂതന പരിപാടികൾ സ്വീകരിക്കുന്നുവെന്ന് അറിയിക്കുമോ;

(ഡി) സംരക്ഷിത പക്ഷികളേയും മൃഗങ്ങളെയും വളർത്തുന്നതിനായി ്യക്തികൾക്കും സംഘടനകൾക്കും ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുമോ;

(ഇ) ഈ പക്ഷിമൃഗാദികളെ സംരക്ഷിക്കുന്നവർക്ക് ധനസഹായം നൽകുന്ന കാര്യം പരിഗണിക്കുമോ ?

**ഉത്തരം**
**ശ്രീ. കെ. സുധാകരൻ (വനവും സ്പോർട്സും വകുപ്പുമന്ത്രി)**

(എ) രണ്ട് ദേശിയോദ്യാനങ്ങളടക്കം 14 വന്യജീവി സംരക്ഷണ കേന്ദ്രങ്ങൾ സംസ്ഥാനത്തുണ്ട്. വിവരം ചുവടെ ചേർക്കുന്നു.

1. പറമ്പിക്കുളം വന്യമൃഗസങ്കേതം
2. നെയ്യാർ വന്യമൃഗ സങ്കേതം
3. വയനാട് വന്യമൃഗ സങ്കേതം
4. ഇരവികുളം ദേശീയോദ്യാനം
5. പെരിയാർ ടൈഗർ റിസർവ് (തേക്കടി)
6. സൈലന്റ്വാലി ദേശിയോദ്യാനം
7. ഇടുക്കി വന്യമൃഗ സങ്കേതം
8. പീച്ചി-വാഴാനി വന്യമൃഗ സങ്കേതം
9. പേപ്പാറ വന്യമൃഗ സങ്കേതം
10. ശെന്തുരുണി വന്യമൃഗ സങ്കേതം
11. ചിമ്മിനി വന്യമൃഗ സങ്കേതം
12. ആറളം വന്യമൃഗ സങ്കേതം
13. ചിന്നാർ വന്യമൃഗസങ്കേതം
14. തട്ടേക്കാട് പക്ഷിസങ്കേതം

സംരക്ഷിത മേഖലകളായ വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളിലും ദേശീയോദ്യാനങ്ങളിലും വംശനാശം സംഭവിക്കാവുന്ന സംഭവിക്കാവുന്ന സസ്യങ്ങളേയും പക്ഷികളേയും ജന്തുക്കളെയും അവയുടെ സ്വാഭാവിക ആവാസ വ്യവസ്ഥയിൽ സംരക്ഷിക്കുക എന്നതാണ് പ്രധാന പ്രവർത്തനം

(ബി) വംശനാശം നേരിടുന്ന പ്രധാന പക്ഷിമൃഗാദികളുടെ പേരുവിവരം ചുവടെ ചേർക്കുന്നു

<u>പക്ഷികൾ</u>
മലമുഴക്കി, വേഴാമ്പൽ, പെരിഗ്രീൻ ഫാൽക്കൺ, നീലഗിരിവുഡ്, പീജിയോൺ, താലിപ്പരുന്ത്, ബോർഡില്ലോൺ, നൈറ്റ് ജാർ

<u>മൃഗങ്ങൾ</u>
ആന,കടുവ, പുലി, കിരിങ്കുരങ്ങ്, സിംഹമാലൻ കുരങ്ങ്, കരടി, കൂരമാൻ, വരയാട്, നീലഗിരി മാൻ, നീർനായ, കാട്ടുപൂച്ച, അളുങ്ക്, മരയണ്ണാൻ, ചാമ്പൽ മരയണ്ണാൻ, ചീങ്കണ്ണി, ഉടുമ്പ്, മലമ്പാമ്പ്, രാജവെമ്പാല എന്നിവയും വംശനാശ ഭീഷണി നേരിടന്നവയാണ്.

(സി) വംശനാശ ഭീഷണി നേരിടുന്ന പക്ഷിമൃഗാദികളുടെ സംരക്ഷണത്തിനും വംശവർദ്ധനവിനുമായി പ്രത്യേക ആവാസ വ്യവസ്ഥ, പരിപാലനപദ്ധതികൾ, മനുഷ്യരുടെ കാട്ടിലേക്കുള്ള കടന്നുകയറ്റം തടയൽ, സംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ട അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, മനുഷ്യനും മൃഗങ്ങളും തമ്മിലുള്ള സംഘർഷം കുറയ്ക്കൽ, ഇക്കോ ഡവലപ്മെന്റ് പ്രവർത്തനങ്ങൾനടപ്പിലാക്കിക്കൊണ്ട് ജനപങ്കാളിത്തം ഉറപ്പുവരുത്തൽ, പ്രകൃതി സംരക്ഷണ അവബോധ പരിപാടികൾ, ഉവേഷണ പഠനങ്ങൾ നടത്തൽ എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

പ്രോജക്ട് ടൈഗർ, ബയോളജിക്കൽ റിസർവുകളുടെ സംരക്ഷണം, പ്രോജക്ട് എലിഫന്റ് എന്നീ ദേശിയ സംരക്ഷണ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ഡി) വന്യജീവി (സംരക്ഷണം) ഭേദഗതി നിയമം, 2003 പ്രകാരം ലൈസൻസ് സമ്പ്രദായം നിലവിലുണ്ട്.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

## <u>ഗുണനിലവാരമുള്ള നടീൽവസ്തുക്കൾ ന്യായവിലക്ക് കർഷകർക്ക് ലഭ്യമാക്കാൻ നടപടി</u>

802. ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ കെ.വി. കുഞ്ഞിരാമൻ
ശ്രീ ടി.കെ. ദേവകുമാർ
ശ്രീ വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാർഷിക സർവ്വകലാശാലകളുടെ നേതൃത്വത്തിൽ ഉൽപ്പാദിപ്പിക്കുന്ന ഉന്നത ഗുണനിലവാ.രമുള്ള നടീൽ വസ്തുക്കൾ ന്യായവിലക്ക് കർഷകർക്ക് ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ഏതെല്ലാം കേന്ദ്രങ്ങളിൽ നിന്നാണ് പ്രസ്തുത നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) പുതുതായി വിപണനകേന്ദ്രങ്ങൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഡി) വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടൊ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) ഇതിനായി ഇൻഡ്യൻ കാർഷിക ഗവേഷണ സമിതിയ്ക്ക് എന്തെങ്കിലും പദ്ധതി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) കാർഷിക സർവ്വകലാശാലയുടെ 22 ഗവേഷണ ഉല്പാദനകേന്ദ്രങ്ങളിൽ നിന്നും ഗുണമേൻമയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ നെല്ല് പച്ചക്കറികൾ എന്നിവയുടെ ബ്രീഡർ വിത്തും അടിസ്ഥാന വിത്തും ഉണ്ടാക്കി പുന: ഉൽപ്പാദനത്തിനുവേണ്ടി കൃഷി ഡിപ്പാർട്ടുമെന്റിന് നൽകുന്നുണ്ട്.

(ബി0 ബാലരാമപുരം കരമന, കൊന്നിദ തിരുവല്ല, മങ്കൊമ്പ്, പാമ്പാടുംമ്പാറ, വൈറ്റില, ചാലക്കുടി, മണ്ണുത്തി, മാടക്കത്തറ, കണ്ണാറ ആനക്കയം, പന്നിയൂർ, പീലിക്കോട്, തവനൂർ, കായങ്കുളം, വെള്ളായണി എന്നീ സ്തലങ്ങളിലുള്ള കാർഷിക സർവ്വകലാശാലവയുടെ സ്ഥാപനങ്ങളിൽ നിന്നും ഏകജാലക സംവിധാനമുള്ള വെള്ളായണി, സദാനന്ദപുരം, കുമരകം ഓടക്കാലി, മണ്ണുത്തി, പട്ടാമ്പി അമ്പലവയൽ കോഴിക്കോട് നിലേശ്വരം എന്നീ 9 കെന്ദ്രങ്ങളിൽ നിന്നും നടീൽ വസ്തുക്കൾ വിൽക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഇല്ല.

(ഇ) പദ്ധതി സമർപ്പിച്ചിട്ടില്ല.

## ശ്രീലങ്കയിൽ നിന്ന് ഇറക്കുമതിചെയ്യുന്ന കുരുമുളകിന്റെ ഡ്യൂട്ടി ഒഴിവാക്കിയ നടപടി

803. ശ്രീ. കെ. എ. ചന്ദ്രൻ
ശ്രീ സി.പി. മുഹമ്മദ്
ശ്രീ ഡൊമിനിക് പ്രസന്റേഷൻ
ശ്രീ എം.എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ശ്രീലങ്കയിൽനിന്ന് ഇറക്കുമതിചെയ്യുന്ന കുരുമുളകിന്റെ ഡ്യൂട്ടി പൂർണ്ണമായും ഒഴിവാക്കിയത് ഗവൺമെന്റിന്റെ ശ്രദ്ധയിലപ്പെട്ടിട്ടുണ്ടൊ;

(ബി) എങ്കിൽ ഈ സൗകര്യമനുസരിച്ച് ശ്രീലങ്കൻ കുരുമുളകെന്ന മറയുപയോഗിച്ച് വിയറ്റ്നാം കുരുമുളക് ഇറക്കുമതി ചെയ്യാതിരിക്കാൻ എന്തെല്ലാം മുൻകരുതലെടുക്കണമെന്ന് കേന്ദ്രത്തോടാവശ്യപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ;

(സി) ശ്രീലങ്കൻ കുരുമുളകിന്റെ ഇറക്കുമതിയ്ക്ക് ഡ്യൂട്ടി ഒഴിവാക്കിയതിനെത്തുടർന്ന് ഇതുവെര എത്ര ടൺ ശ്രീലങ്കൻ കുരുമുളക് ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തു എന്ന വിവരം ശേഖരിച്ചിട്ടുണ്ടൊ?

**ഉത്തരം**

**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

(എ) ഉണ്ട്.

(ബി) തീരുവ രഹിത ഇറക്കുമതിയ്ക്കുള്ള സൗകര്യം ദുരുപയോഗം ചെയ്ത് വിയറ്റ്നാം കുരുമുളക് ഇറക്കുമതി ചെയ്യാതിരിക്കാൻ ഇറക്കുമതി ചെയ്യുന്ന ഉൽപ്പന്നത്തിന്റെ സർട്ടിഫിക്കറ്റ് ഓഫ് ഒറിജിൻ നൽകുന്നതിനലും അത് സ്ഥാപിച്ചുകാണിക്കുന്നതിനും വേണ്ടുന്ന നിബന്ധനകൾ പാലിക്കുന്നതിന് ഒരു സുരക്ഷാ സംവിധാനവും അത് അവലോകനം ചെയ്യുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ശ്രീലങ്കയുമായുള്ള സ്വതന്ത്ര വ്യാപാര കരാർ 2000 മാർച്ച് 1 ന് നിലവിൽ വന്നതിനുശേഷം ഇറക്കുമതിചെയ്ത കുരുമുളകിന്റെ അളവ് ഇപ്രകാരമാണ്.

1999-2000 - 1160 ടൺ
20002001 1749 ടൺ
20012002 1241 ടൺ
20022203 - 6204 ടൺ
(ഏപ്രിൽ മുതൽ ഫെബ്രുവരി വരെ)

2000 മാർച്ച് ഒന്നുമുതൽ ഏർപ്പെട്ട പ്രകാരം കരാർ അനുവദിച്ചിരുന്ന 90% ഇളവ് 2003 മാർച്ച് 18 മുതൽ 100% ആക്കിയതായി അറിയുന്നു.

## കാർഷിക ഉൽപ്പന്നങ്ങളുടെ പേറ്റന്റ് നേടി എടുക്കുന്നതിന് സ്വീകരിച്ച നടപടികൾ

804. ശ്രീ. പി.കെ. അബ്ദുറബ്ബ്
ശ്രീ ഇ.ടി. മുഹമ്മദ് ബഷീർ
ശ്രീ കെ. കുട്ടി അഹമ്മദ് കുട്ടി
ശ്രീ സി മമ്മുട്ടി
ശ്രീ സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

സംസ്ഥാനത്ത് കാർഷിക ഉൽപ്പന്നങ്ങളുടെ പേറ്റന്റ് നേടി എടുക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

**ഉത്തരം**
**ശ്രീമതി കെ. ആർ. ഗൗരിയമ്മ (കൃഷിയും കയറും വകുപ്പുമന്ത്രി)**

കാർഷികോത്പ്പന്നങ്ങളായ മലബാർ ഗാർബിൾഡ് പെപ്പർ (എം.ജി1), ആലപ്പി ഗ്രീൻ കാർഡമം, കൊച്ചിൻ ജിൻജർ എന്നിവയ്ക്ക് പേറ്റന്റ് ലഭിക്കുവാൻ ജിയോഗ്രാഫിക്കൽ ഇൻഡിക്കേഷൻസ് കാണിച്ച് ഇന്ത്യൻ രപിസ്ട്രേഷൻ അതോറിറ്റിയും സ്പൈസസ് ബോർഡിനും വിവരങ്ങൾ അയച്ചുകൊടിുത്തിട്ടുണ്ട്. ഇതിൽ മലബാർ ഗാർബിൾഡ് പെപ്പറിന് കേരള കാർഷിക സർവ്വകലാശാല വൈസ്ചാൻസലർ കൺവീനറായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്.

## നീർത്തട പദ്ധതികൾ

805. ശ്രീ. ജോർജ്ജ് ജെ.മാത്യു :
പ്രൊഫ.എ.ഡി.മുസ്തഫ :
ശ്രീ. എം.എ.ചന്ദ്രശേഖരൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൻ.ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃ,ഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ എത്ര നീർത്തട പദ്ധതികളുണ്ട് ;
(ബി) കേരളത്തിന് തനതായ മാതൃകാ നീർത്തട പദ്ധതി ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ടോ;
(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് പറയാമോ ;
(ഡി) ഒരു മാതൃകാ നീർത്തട പദ്ധതിക്ക് രൂപം കൊടുക്കുമ്പോൾ സ്വീകരിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

**ഉത്തരം**

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ ( കൃഷിയും കയറും വകുപ്പുമന്ത്രി ) :-**

(എ) സംസ്ഥാന പദ്ധതിയിൻ കീഴിൽ 61 നീർത്തട പദ്ധതികളും കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ 36 നീർത്തട വികസന പദ്ധതികളുമുണ്ട്.

(ബി) & (സി) ഇല്ല. 9ാം പഞ്ചവത്സര പദ്ധതിയിൽ ദേശീയ നീർമറവികസന പദ്ധതിയിൽ കേന്ദ്രസർക്കാരിന്റെ മാർഗ്ഗരേഖകൾക്കനുസൃതമായി കേരളത്തെ 5 കാർഷിക മേഖലകളായി തിരിച്ച് ഓരോ മാതൃകാ വാട്ടർ ഷെഡ്ഡ് വീതം തെരഞ്ഞെടുത്തിരുന്നു. എന്നാൽ കേന്ദ്രസർക്കാരിന്റെ മാർഗ്ഗരേഖകൾക്കുള്ളിൽ നിന്ന് കൊണ്ട് നടപ്പാക്കിയ പദ്ധതിയായതിനാൽ കേരളത്തിന്റെ തനതായ മാതൃകാ പദ്ധതി എന്നവകാശപ്പെടാൻ കഴിയുകയില്ല.

(ഡി) മാതൃകാ നീർത്തട പദ്ധതിക്ക് രൂപം കൊടുക്കുമ്പോൾ ഇനി പറയുന്ന നടപടികൾ സ്വീകരിക്കണം.

1. വാട്ടർ ഷെഡ്ഡിന്റെ അതിരുകൾ ശാസ്ത്രീയമായി നിർണ്ണയിക്കുക.
2. വാട്ടർ ഷെഡ്ഡിൽ ലഭ്യമായ വിവരണങ്ങളെക്കുറിച്ചും മറ്റു സാംപത്തിക വിവരങ്ങളെ സംബന്ധിച്ചും ഉള്ള വിവിധ സർവേകൾ നടത്തി മാപ്പുകളും അനുബന്ധ വിവരങ്ങളും ശേഖരിക്കുക.

3. ശാസ്ത്രീയമായി പി.ആർ.എ. (പാർട്ടിസിപ്പേറ്ററി റൂറൽ അപ്റെയ്സർ) നടത്തി ഗുണഭോക്താക്കളുടെ ആവശ്യങ്ങളും സാങ്കേതിക പരിഗണനയും കണക്കിലെടുത്ത് പ്രോജക്ട് തയാറാക്കുക.

4. വിവിധ വികസന വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് വാട്ടർ ഷെഡ്ഡിന്റെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിന് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

5. ശാസ്ത്രീയമായ മണ്ണു-ജല സംരക്ഷണപ്രവർത്തനങ്ങൾ വഴി വാട്ടർ ഷെഡ്ഡിലെ കാർഷിക അനുബന്ധ മേഖലകളിലെ ഉൽപാദനം വർദ്ധിപ്പിക്കുക.

6. ശാസ്ത്രീയമായ മണ്ണു-ജല സംരക്ഷണമാർഗ്ഗങ്ങൾ അവലംബിച്ച് കൂടുതൽ മഴവെള്ളം മണ്ണിലേക്ക് താഴ്ന്നിറങ്ങി ഭൂഗർഭ ജലവിതാനം ഉയർത്തുവാൻ വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

7. വാട്ടർഷെഡ്ഡിൽ അധികതൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുവാനും സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുവാനും വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

8. വാട്ടർ ഷെഡ്ഡുകളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

**<u>റേഷൻ ഉപഭോഗം സംബന്ധിച്ച പഠനം</u>**

806 ശ്രീ.എം.എ.വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റേഷൻ ഉപഭോഗം സംബന്ധിച്ച് സിവിൽ സപ്ലൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

**<u>ഉത്തരം</u>**

**ശ്രീ.ജി.കാർത്തികേയൻ ( ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി ) :**

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

**<u>കർഷകർക്ക് ക്ഷേമനിധിയോ പെൻഷനോ നൽകുന്നതിനുള്ള പദ്ധതി</u>**

807 ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ.സി.വേണുഗോപാൽ :
ശ്രീ.വർക്കല കഹാർ :
ശ്രീ ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്ക് ക്ഷേമനിധിയോ പെൻഷനോ നൽകുന്നതിനുള്ള പദ്ധതി നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) ഇപ്രകാരമുള്ള പദ്ധതി നിലവിലില്ലാത്തപക്ഷം അതേർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ ( കൃഷിയും കയറും വകുപ്പുമന്ത്രി ) :-**

(എ ) & (ബി) കർഷകർക്ക് ക്ഷേമനിധിയോ പെൻഷനോ നൽകുന്നതിനുള്ള പദ്ധതികളൊന്നും ഇപ്പോൾ ആലോചനയിലില്ല.

(സി) ആലോചിക്കാവുന്നതാണ്.

**<u>കേന്ദ്ര ഗവണ്മെന്റ് സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതികളെ സംബന്ധിക്കുന്ന ചെലവുകളുടെ കണക്ക്</u>**

808 ശ്രീ. ടി.വി.ചന്ദ്രമോഹൻ :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവണ്മെന്റ് സഹായത്തോടുകൂടി സംസ്ഥാന ഗവണ്മെന്റോ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നടപ്പാക്കുന്ന പദ്ധതി ചെലവുകളുടെ വ്യക്തമായ കണക്ക് കേന്ദ്രത്തിന് നൽകേണ്ടതുണ്ടോ ;

(ബി) ഇത്തരത്തിലുള്ള കണക്കുകൾ നൽകാതെ വരുന്നതിന്റെ അനന്തര ഫലമെന്താണെന്ന് വിശദീകരിക്കുമോ ;

(സി) കേന്ദ്ര വിഹിതമായി ലഭിക്കുന്ന തുക ബന്ധപ്പെട്ട പരിപാടികളുടെ നടത്തിപ്പിനായി ഗവണ്മെൻറ് വകുപ്പുകൾക്കോ തദ്ദേശ ഭരണസ്ഥാപനങ്ങൾക്കോ നൽകുമ്പോൾ പണം ചെലവഴിക്കുന്നത് സംബന്ധിച്ച വ്യക്തമായ കണക്ക് നൽകണമെന്ന് നിർദ്ദേശിക്കാറുണ്ടോ ;

(ഡി) എങ്കിൽ പ്രസ്തുത നിർദ്ദേശം സ്വീകരിക്കാത്ത വകുപ്പുകളുടേയോ തദ്ദേശ ഭരണസ്ഥാപനങ്ങളുടേയോ മേൽ എന്തെല്ലാം നടപടികളാണെടുക്കുന്നതെന്ന് പറയുമോ ?

**<u>ഉത്തരം</u>**

**ശ്രീ. കെ. ശങ്കര നാരായണൻ ( ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി ) :**

(എ) നൽകേണ്ടതുണ്ട്.

(ബി) കേന്ദ്ര സർക്കാർ ഓരോ വർഷവും പദ്ധതി നടപ്പിലേക്കായി അനുവദിക്കുന്ന കേന്ദ്ര സഹായം അതാത് വർഷം ചെലവാക്കിയിരിക്കേണ്ടതാണ്. ഇപ്രകാരം നൽകുന്ന കണക്കുകളിൽ അനുവദിച്ച കേന്ദ്ര സഹായം മുഴുവനും വിനിയോഗിച്ചില്ല എന്നു കണ്ടാൽ പ്രസ്തുത തുകകൾ വരുംവർഷങ്ങളിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ടുന്ന സഹായത്തിൽ നിന്നും വേർതിരിച്ച് പിടിക്കുന്നതാണ്. കൂടാതെ വ്യക്തമായ കണക്കുകൾ നൽകാതെ വന്നാൽ കേന്ദ്ര സഹായത്തിന്റെ തോതിൽ കുറവു വരാനും സാധ്യതയുണ്ട്.

(സി) ചെലവഴിക്കുന്ന പണത്തിന്റെ കണക്കുകൾ ഗവണ്മെന്റിനു നൽകേണ്ടതുണ്ടെന്ന് നിലവിലുള്ള നിയമങ്ങൾ നിഷ്കർഷിക്കുന്നു.

(ഡി) പദ്ധതി തുകകൾ വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തുന്നതായി കണ്ടാൽ നിയമങ്ങൾ അനുശാസിക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.

**<u>ശ്രീലങ്കയിൽ നിന്നുള്ള കാർഷികോൽപ്പന്ന ഇറക്കുമതി</u>**

809. ശ്രീ. എം. കുമാരൻ :

ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃ,ഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ത്യ-ശ്രീലങ്ക കരാറനുസരിച്ച് തേയില, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, ഏലം, അടയ്ക്ക, റബ്ബർ, നാളികേരം, കൊപ്ര എന്നിങ്ങനെ കേരളത്തിന് താൽപ്പര്യമുള്ള ഓരോന്നിനുമുള്ള ഇറക്കുമതി തീരുവ എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കുമോ ;

(ബി) മേൽപ്പറഞ്ഞ ഉല്പന്നങ്ങൾ 2002-03 സാമ്പത്തിക വർഷത്തിൽ എത്ര ടൺ വീതം ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തു എന്ന് വ്യക്തമാക്കുമോ ;

(സി) ഏതെല്ലാം കാർഷികോല്പ്പന്നങ്ങളാണ് പൂജ്യം ശതമാനം തീരുവയിൽ ഇറക്കുമതി ചെയ്യാൻ അനുവദിച്ചിട്ടുള്ളത് ;

(ഡി) മറ്റ് രാജ്യങ്ങളിൽ നിന്നുള്ള കാർഷികോൽപ്പന്നങ്ങൾ ശ്രീലങ്കയിലെത്തിച്ച് അവിടെ നിന്നും കുറഞ്ഞ താരിഫ് നിരക്കിൽ ഇന്ത്യയിലേക്കെത്തിക്കുന്നതുമൂലം കേരളത്തിലെ കാർഷികോൽപ്പന്നങ്ങളുടെ വിലനിലവാരത്തേയും കയറ്റുമതി ചെയ്യുന്നവരേയും ദോഷകരമായി ബാധിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

**<u>ഉത്തരം</u>**

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ ( കൃഷിയും കയറും വകുപ്പു മന്ത്രി ) :**

(എ) ഇൻഡ്യയും ശ്രീലങ്കയും തമ്മിൽ 2000 മാർച്ച് മാസം 1-ാം തിയതി ഏർപ്പെട്ടിട്ടുള്ള സ്വതന്ത്ര വ്യാപാരക്കരാർ അനുസരിച്ച് ശ്രീലങ്കയിൽ നിന്നും ഇൻഡ്യയിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്ന എല്ലാ കാർഷികോൽപ്പന്നങ്ങൾക്കും 90% വരെ ഡ്യൂട്ടിയിൽ നിന്നും സൗജന്യം അനുവദിച്ചിരുന്നു. എന്നാൽ ഈയിടെ കേന്ദ്ര സർക്കാർ കൈക്കൊണ്ട തീരുമാനമനുസരിച്ച് 2003 മാർച്ച് മാസം 18-ാം തിയതി മുതൽ ശ്രീലങ്കയിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന എല്ലാ കാർഷികോൽപ്പന്നങ്ങൾക്കും മുഴുവൻ ഡ്യൂട്ടി ഇളവ് അനുവദിച്ചിട്ടുണ്ട്.

(ബി) ലഭ്യമായ കണക്കുകൾ പ്രകാരം 200-03 വർഷത്തിൽ ശ്രീലങ്കയിൽ നിന്ന് ഇറക്കുമതി ചെയ്യപ്പെട്ട കാർഷികോൽപ്പന്നങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നംപർ | ഉല്പന്നം | അളവ് (ടൺ) |
|---|---|---|
| 1. | പച്ചത്തേയില | 6.00 |
| 2. | പച്ചത്തേയില (മൊത്തമായി) | 4.08 |
| 3. | തേയില | 200.32 |
| 4. | തേയിലഇല (മൊത്തമായി) | 112.21 |
| 5. | തേയിലപ്പൊടി (മൊത്തമായി) | 100.00 |
| 6. | തേയില(ബാഗുകളായി) | 17.54 |
| 7. | കുരുമുളക് (നീളൻ) | 645.75 |
| 8. | കുരുമുളക് (ഗാർബിൾഡ്) | 3049.07 |
| 9. | കുരുമുളക്(അൺ ഗാർബിൾഡ്) | 356.24 |
| 10. | ഗ്രാംപൂ (എക്സ്ട്രാക്ടഡ്) | 1848.10 |
| 11. | ഗ്രാംപൂ (എക്സ്ട്രാക്ടഡ് അല്ലാതെ) | 195.76 |
| 12. | ഇഞ്ചി / ചുക്ക് | 40.00 |
| 13. | കൊക്കോ സീഡ്സ് | 2.00 |
| 14. | അടയ്ക്ക (സുപാരി) | 63.35 |
| 15. | വെളുത്തുള്ളി | 36.00 |

(സി) ഇൻഡോ - ശ്രീലങ്ക സ്വതന്ത്ര വ്യാപ്ര കരാറിന്റെ അടിസ്ഥാനത്തിൽ ശ്രീലങ്കയിൽ നിന്നും ഇറക്കുമതി ചെയ്യപ്പെടുന്ന എല്ലാ കാർഷികോൽപ്പന്നങ്ങളും തീരുവരഹിതമായിട്ടാണ് ഇപ്പോൾ ഇറക്കുമതി ചെയ്യുന്നത്.

(ഡി) ഉണ്ട്.

(ഇ) ശ്രീലങ്കയിൽ നിന്നും ഉണ്ടായിരിക്കുന്ന അമിതമായ ഇറക്കുമതി നിയന്ത്രിക്കുന്നതിനായി സൗജന്യ നിരക്കിലുള്ള ഇറക്കുമതി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയോ മിതമായ നിരക്കിലുള്ള ഇറക്കുമതി തീരുവ പുനഃസ്ഥാപിക്കുകയോ ചെയ്യണമെന്ന് സംസ്ഥാനം കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ സർട്ടിഫിക്കറ്റ് ഓഫ് ഒറിജിനൽ നൽകുന്നതിലും ഉൽപന്നങ്ങളുടെ ഒറിജിൻ സംബന്ധിച്ച് നിബന്ധനകൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പു വരുത്തുന്നതിനും സുരക്ഷാ സംവിധാനങ്ങളും, അവലോകനം ചെയ്യപ്പെടുന്നതിനു സംവിധാനങ്ങളും ഏർപ്പെടുത്തുന്നതിനും കേന്ദ്ര സർക്കാരിനോടാവശ്യപ്പെട്ടിട്ടുണ്ട്. ഈ ആവശ്യങ്ങൾ പരിഗണിക്കപ്പെടുന്നതിന് കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട മന്ത്രാലയങ്ങളിൽ വേണ്ടത്ര സമ്മർദ്ദം ചെലുത്തണമെന്നും സംസ്ഥാനത്തു നിന്നുള്ള എം.പി മാരോടും ആവശ്യപ്പെട്ടിട്ടുണ്ട്.

## കാർഷിക കയറ്റുമതി മേഖലയിൽ ഉൾപ്പെടുത്തി കൃഷി ഫാമുകൾ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകുന്ന നടപടി

810 ശ്രീ. സാജു പോൾ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. എം.വി.ജയരാജൻ :
ശ്രീ. കെ.രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃ,ഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി രൂപീകരിച്ച കാർഷിക കയറ്റുമതി മേഖലയിൽ ഉൾപ്പെടുത്തി സർക്കാർ കൃഷി ഫാമുകൾ സ്വകാര്യ വ്യക്തികൾക്ക് പാട്ടത്തിന് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയതിനു ശേഷം ഇപ്പോൾ സർക്കാരിന്റെ കൈവശം എത്ര ഫാമുകൾ ഉണ്ട് ;

(സി) അവയിലെല്ലാമായി എത്ര ഹെക്ടർ ഭൂമിയുണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(ഡി) എത്ര ഫാമുകൾ ലാഭത്തിലാണെന്നും എത്രയെണ്ണം നഷ്ടത്തിലാണെന്നും വ്യക്തമാക്കുമോ ;

(ഇ) ലാഭത്തിലല്ലാത്ത ഫാമുകൾ പുനഃസംഘടിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

**ഉത്തരം**

**ശ്രീമതി. കെ.ആർ.ഗൗരിയമ്മ ( കൃഷിയും കയറും വകുപ്പു മന്ത്രി ) :**

(എ) തീരുമാനമെടുത്തിട്ടില്ല.

(ബി) 10 ഫാമുകൾ (പ്രത്യേക ഫാമുകൾ)

(സി) 1144.04426.

(ഡി) ഒരു ഫാം (കശുമാവു പ്രജനനത്തോട്ടം, അദൂർ ഗ്വാളിമുഖ) മാത്രമാണ് പ്രത്യേക ഫാമുകളിൽ ലാഭത്തിൽ പ്രവർത്തിക്കുന്നത്. 2002 – 2003 വർഷം 43 ലക്ഷം രൂപ ലാഭമുണ്ടായിട്ടുണ്ട്.

(ഇ) ഫാമുകളുടെ സമഗ്രമായ വികസനത്തിന് ലക്ഷ്യമിട്ടുകൊണ്ട് ഓരോ ഫാമിനും യോജിച്ച രീതിയിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതോടുകൂടി ഫാമുകളെ ലാഭത്തിൽ കൊണ്ടുവരാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

**വില്പന നികുതി വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ നടപടി**

811 ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രതിദിനം ലക്ഷക്കണക്കിന് രൂപയുടെ നികുതി കച്ചവടക്കാർ പിരിച്ചെടുക്കുന്നത് സർക്കാരിലേക്ക് അടയ്ക്കാതിരിക്കുന്ന നടപടി ഒഴിവാക്കാൻ വില്പന കൂടിയ കടകളിൽ ആഴ്ച തോറും പരിശോധന നടത്താൻ വില്പന നികുതി ഉദ്യോഗസ്ഥരുടെ പ്രത്യേക സെല്ലിന് രൂപം നൽകുമോ ;

(ബി) 10 ലക്ഷത്തിലേറെ നികുതി കുടിശ്ശികയുള്ള കച്ചവടസ്ഥാപനങ്ങളിലെ വില്പനനികുതി മേലിലെങ്കിലും കുടിശ്ശിക വരാതിരിക്കാൻ വില്പന നികുതി ഉദ്യോഗർ എല്ലാ മാസവും അത്തരം കടകളിൽ എത്തി റെക്കോർഡുകൾ പരിശോധിച്ച് നികുതി ഈടാക്കുന്ന സംവിധാനം ഏർപ്പെടുത്തുമോ ;

(സി) ദിവസേനെ നികുതി അടയ്ക്കാൻ താല്പര്യമുള്ളവരിൽ നിന്നും സ്ഥാപനങ്ങളിൽ പോയി ദിവസേനെ നികുതി തുക ഈടാക്കാൻ സംവിധാനം ഏർപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ. കെ.ശങ്കരനാരായണൻ ( ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി ) :**

(എ) & (ബി ) ഈ നിർദ്ദേശങ്ങൾ ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

**വിദ്യാർത്ഥികളുടെ സഹായത്തോടെ വനവല്ക്കരണ പരിപാടി**

812 ശ്രീ. എം.എ.വാഹിദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്കൂൾ കോളേജ് തലത്തിൽ വിദ്യാർത്ഥികളുടെ സഹായത്തോടെ വനവല്ക്കരണം സംബന്ധിച്ച് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ ?

**ഉത്തരം**

**ശ്രീ.കെ.സുധാകരൻ (വനവും സ്പോർട്ട്സും വകുപ്പുമന്ത്രി)**

(എ) ഉണ്ട്. ഹരിതോത്സവം (ഏ്യലലിശിഴ വേല ടമേലേ) എന്ന ഒരു പദ്ധതിക്ക് 2002– 03 ൽ തുടക്കം കുറിച്ചിട്ടുണ്ട്.

(ബി) ഹരിതോത്സവം എന്ന പദ്ധതി 2002– 03 സാംപത്തിക വർഷത്തിൽ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കുകയുണ്ടായി. സംസ്ഥാനത്തെ 14 ജില്ലകളിലേയും നാഷണൽ ഹൈവേകളുടേയും ഇരുവശങ്ങളിലും മറ്റ തരിശു ഭൂമികളിലും സർക്കാർ സർക്കാരിതര സ്ഥാപനങ്ങലുടെ കോംപൗണ്ടുകലിലും തണൽമരങ്ങൾ, പൂമരങ്ങൾ, ഔഷധ വൃക്ഷങ്ങൾ എന്നിവ നട്ടു വളർത്തുന്നതിനുള്ള ഒരു പദ്ധതിയാണിത്. വിദ്യാഭ്യാസം, പൊതുമരാമത്ത്, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളുടേയും എൻ.എസ്.എസ്. ഓയിസ്ക്ക, വേൾഡ് വൈഡ് ഫണ്ട് തുടങ്ങിയ

സംഘടനകളുടേയും, പൊതു ജനങ്ങളുടേയും സംപൂർണ്ണ സഹകരണത്തോടും പങ്കാളിത്തത്തോടും കൂടിയാണ് ടി പദ്ധതി നടപ്പാക്കുന്നത്.

ഇങ്ങനെ നട്ടു വളർത്തുന്ന തൈകളുടെ സംരക്ഷണം വനം വകുപ്പിന്റെ സഹകരണത്തോടെ സംസ്ഥാനത്തെ വിവിധ കോളേജുകളിലെ എൻ.എസ്.എസ്. വോളണ്ടിയർമാരെയാണ് ഏൽപ്പിച്ചിട്ടുള്ളത്.